# സമയം തക്കത്തിൽ ഉപയോഗിക്കുക

## എഫെസ്യർ 5:16

**“ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ.”**

പ്രതികൂലമായ സാഹചര്യങ്ങൾ നമുക്കുചുറ്റും വർദ്ധിച്ചു കൊണ്ടിരിക്കുകയാണല്ലോ; അതിലൂടെ ജീവിച്ച് കടന്നുപോകുന്ന ദൈവമക്കളോട് വചനത്തിന്റെ ഉപദേശം, കഴിഞ്ഞു പോയ കാലങ്ങളേക്കാൾ ഉപരിയായി, ലഭിക്കുന്ന സമയത്തെ തക്കത്തിൽ ഉപയോഗിച്ചു കൊള്ളുക എന്നുള്ളതാണ്. ദൈവമക്കൾ കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിയുന്നതോടൊപ്പം ഏതു സാഹചര്യത്തിലും ദൈവം ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ചെയ്തുകൊണ്ടിരിക്കണം.

സമയം തക്കത്തിൽ എങ്ങനെ ഉപയോഗിക്കണം എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത് ഈ അവസരത്തിൽ ഓർക്കുന്നത് ഉചിതമായിരിക്കും.

1. ഗലാത്യർ 6:10 ൽ “ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക” എന്ന് പൗലോസ് വിശ്വാസികളോട് ആവശ്യപ്പെടുന്നു. നല്ലതു വിതച്ചാൽ കർത്താവ് വാഗ്ദത്തം ചെയ്തതുപോലെ അമർത്തികുലുക്കി കവിയുന്ന നല്ല ഒരു അളവ് പ്രതിഫലനാളിൽ നമുക്ക് ലഭിക്കും.

2. എഫേസ്യർ 5:15 ൽ സൂക്ഷ്മതയോടെ, ജ്ഞാനികളായി നടപ്പാൻ ശ്രമിക്കണം എന്ന് പൗലോസ് അപ്പോസ്തലൻ ഉപദേശിക്കുന്നു. കൊലൊസ്യർ 2:3 ൽ അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഗുപ്തമായിരിക്കുന്നു എന്ന് പൗലോസ് പറയുന്നു. വീണ്ടും 1 കൊരിന്ത്യർ 1:30 ൽ ക്രിസ്തു നമുക്ക് ദൈവത്തിൽ നിന്ന് ജ്ഞാനവും, നീതിയും, ശുദ്ധീകരണവും, വീണ്ടെടുപ്പുമായിരുന്നു എന്ന് പറയുന്നു. ജ്ഞാനികളായി നടക്കണമെങ്കിൽ ഏതു കാലത്തേയും വിശ്വാസിയോട് വേദവചനം ആവശ്യപ്പെടുന്ന, വിശ്വാസജീവിതത്തിന്റെ അടിസ്ഥാനമായ, “യേശു ക്രിസ്തുവിനോടു കൂടെയുള്ള നടത്തം” കൂടുതൽ തീഷ്ണതയോടെ തുടരേണ്ടതാകുന്നു. യേശുക്രിസ്തുവിന്റെ കൂടെ നടക്കുമ്പോൾ അവന്റെ ഇഷ്ടം ഗ്രഹിച്ച് അത് പ്രാവർത്തികമാക്കി നടക്കുവാൻ പ്രതികൂലത്തിന്റെ നടുവിലും വിശ്വാസി, പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കപ്പെട്ടുകൊണ്ടേയിരിക്കും. മനസ്സു പുതുക്കിയുള്ള രൂപാന്തരീകരണം ദൈവപ്രസാദമുള്ള ജീവിതത്തിന്റെ അടിസ്ഥാനമായി റോമർ 12:2 ൽ ഉപദേശിക്കപ്പെട്ടിരിക്കുന്നു.

3. എഫേസ്യർ 5:18 ൽ ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ സംസാരിച്ചും ഹൃദയത്തിൽ കർത്താവിനു പാടിയും യേശുവിന്റെ നാമത്തിൽ പിതാവിന് എല്ലായ്പ്പോഴും എല്ലാത്തിനുവേണ്ടി സ്തോത്രം ചെയ്തും ആയിരിപ്പാൻ പൗലോസ് ആഹ്വാനം ചെയ്യുന്നു. ദുഷ്കാലത്തിന്റെ നടുവിലും ആത്മനിറവിൽ സംസാരിക്കുവാനും എപ്പോഴും സ്തോത്രം ചെയ്യുവാനും വിശ്വാസികൾ ശ്രമിച്ചു കൊണ്ടേയിരിക്കേണ്ട താകുന്നു.

4. എഫേസ്യർ 5:21 ൽ ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിക്കാൻ പൗലോസ് നമ്മെ ഉപദേശിക്കുന്നു. വിശ്വാസികൾക്ക് ക്രിസ്തീയ ബന്ധങ്ങളിൽ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതുന്ന കീഴ്പെടലിന്റെ അനുഭവത്തിൽ നിലനിൽക്കുവാൻ സാധിക്കണം. ജീവിതപങ്കാളിയോടും, മാതാപിതാക്കളോടും, സഹോദരങ്ങളോടും, സമൂഹത്തോടും ഇപ്രകാരമുള്ള ഒരു മനോഭാവം നില നിർത്തുവാൻ ശ്രമിക്കണം.

5. അവസാനമായി റോമർ 6:19 ൽ പറയുന്നതുപോലെ വിശുദ്ധീകരണത്തിനായി നീതിയ്ക്ക് അടിമകളായി സമർപ്പിച്ച് ജീവനുള്ള ആരാധന കഴിച്ചു കൊണ്ടേയിരിക്കണം. പ്രതികൂലങ്ങൾ ഏറെയുണ്ടെങ്കിലും സമർപ്പണത്തിനും, ആരാധനജീവിതത്തിനും ഇളക്കം തട്ടുവാൻ ഇടവരുത്തരുത്. കണ്ണുകൊണ്ട് ദോഷം ആസ്വദിക്കാതെ, കൈകൊണ്ട് ദോഷം പ്രവർത്തിക്കാതെ, ചിന്തകൊണ്ടും, ബുദ്ധി കൊണ്ടും, എല്ലാ കഴിവുകൾകൊണ്ടും ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ ഉത്സുകരും ആയിരിക്കണം.

ഈ പ്രതികൂലത്തിന്റെ നാളുകളിൽ ഏറെ ശ്രദ്ധയോടെ വിശ്വാസജീവിതത്തെ കരുത്തറ്റതാക്കുവാൻ ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നു.

റോമർ 8:18 നമുക്ക് ലഭിക്കാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടങ്ങൾ സാരമില്ല എന്ന് ഞാൻ എണ്ണുന്നു. വിശ്വാസത്തിൽ നിലനിൽക്കുന്നതിനുവേണ്ടി പ്രതികൂലങ്ങളുടെ നടുവിൽ നാം സഹിക്കുന്ന കഷ്ടങ്ങൾ നിത്യതയിൽ നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന വലിയ മഹത്വത്തിനായി നമ്മെ പ്രാപ്തരാക്കുന്നു. ഈ യാത്രയിൽ തീർച്ചയായും ദൈവാത്മാവ് നമ്മെ സഹായിക്കാൻ കൂടെയുണ്ട്. നാം ആയിരിക്കുന്ന ഓരോ സാഹചര്യങ്ങളെയും ദൈവം എടുത്തുപയോഗിച്ച് അവന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി തീർക്കുന്നു.

ബ്രദർ ജോബി ജെയിംസ് ചങ്ങനാശ്ശേരി 011